പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1904

25.03.2013-ൽ മറുപടിക്ക്.

# പടക്കനിർമ്മാണശാലകളിലുണ്ടാകുന്ന അപകടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. വി. രാജേഷ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കേരളത്തിൽ എത്ര പടക്കനിർമ്മാണശാലകൾ പ്രവർത്തിക്കുന്നുണ്ട് ; | : (എ) 148 |
| (ബി) സംസ്ഥാനത്തെ പടക്കനിർമ്മാണശാലകളിൽ ഇടയ്ക്കിടെ സ്ഫോടനമുണ്ടായി ആളപായമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (ബി) ഉണ്ട് |
| (സി) എങ്കിൽ, ഇതു തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | : (സി) സ്ഫോടകവസ്തുക്കൾ കൈകാര്യം ചെയ്യുന്ന ഇടങ്ങളിൽ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി, ജില്ലാ കളക്ടർമാർ എന്നിവർക്ക് സർക്കാർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്ഫോടകവസ്തുക്കൾ സൂക്ഷിക്കുന്ന ഇടങ്ങളിൽ പരിശോധന നടത്തുന്നതിനും അനുവദനീയമായ സ്ഫോടക വസ്തുക്കളുടെ അളവ് ഉറപ്പ് വരുത്തുന്നതിനും സുരക്ഷാ ക്രമീകരണങ്ങൾ വിലയിരുത്തുന്നതിനുമായി സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ |

(മറുപുറം)

പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ജില്ലാ പോലീസ് മേധാവിമാർ നിയോഗിക്കുന്ന ഉദ്യോഗസ്ഥർ അവരവരുടെ അധികാര പരിധിയിൽ വരുന്ന ഇത്തരം സ്ഥലങ്ങളിൽ ആകസ്മികമായ പരിശോധന ഉൾപ്പെടെയുള്ളവ നടത്തുകയും ലൈസൻസ്, സ്ഫോടക വസ്തുക്കളുടെ അളവ്, ജോലിക്കാരുടെ എണ്ണം സുരക്ഷാ സംവിധാനം, ചുറ്റുപാടുകളുടെ നിരീക്ഷണം എന്നിവ വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകി അപകട സാദ്ധ്യത ഇല്ലായെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. കൂടാതെ നിലവിലുള്ള പരിശോധനകൾ കൂടുതൽ ശക്തമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

| | |
|---|---|
| (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയായി പടക്കനിർമ്മാണശാലകളിലുണ്ടായ അപകടം കാരണം എത്രപേർക്ക് ജീവാപായമുണ്ടായിട്ടുണ്ട് ; | : (ഡി) 23 |
| ( ഇ) അപകടത്തിൽ മരണപ്പെട്ടവർക്ക് എന്തൊക്കെ ധനസഹായങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്? | : (ഇ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സാമ്പത്തിക സഹായം നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ